# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1799 15.07.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായി സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി | ശ്രീ.എ,കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും 50,000/-രൂപ വിവാഹ ധനസഹായമായി നൽകി വരുന്നു. |
| ബി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹാവശ്യത്തിനായി സാമ്പത്തിക സഹായമോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; | (ബി) വാർഷിക വരുമാനം 50,000/- രൂപയോ അതിനു താഴെയോ വരുന്ന നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട പതിനെട്ട് വയസ്സോ അതിനു മുകളിലോ പ്രായമുള്ള പെൺകുട്ടിയുടെ വിവാഹത്തിന് 50,000/-രൂപ ധനസഹായം നൽകി വരുന്നു. പെൺകുട്ടികളുടെ മാതാവ്/ പിതാവ്/രക്ഷകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| സി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക അപേക്ഷാ ഫോറം ലഭ്യമാണെങ്കിൽ | (സി) അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ ഫോറം ലഭ്യമാണ്. |

| | |
|---|---|
| അതിന്റെ പകർപ്പ് നൽകാമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്,വിവാഹ ക്ഷണക്കത്ത്/ വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ഡി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി നൽകി വരുന്നതെന്നും അപേക്ഷ സമർപ്പിച്ച് എത്ര നാളുകൾ കൊണ്ട് ഈ ആനുകൂല്യം ലഭ്യമാക്കുമെന്നും വിശദമാക്കുമോ ? | (ഡി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം 50,000/- രൂപയാണ്. മറ്റാനുകൂല്യങ്ങളൊന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകി വരുന്നില്ല. അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

Rashmi

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്